**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാല ലൈബ്രറികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതല ത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളുടെ ശൃംഖലയും നെറ്റ് വർക്കിൽ പങ്കാളികളാകുന്നതാണ്. രണ്ടാം ഘട്ടമായി സർവ്വകലാശാല ലൈബ്രറികളിലെ അപൂർവ്വ ശേഖരണവും പുസ്തകങ്ങളും ഡിജി റ്റൈസ് ചെയ്യാനുള്ള പദ്ധതി ആരംഭിച്ചുവരുന്നു. |
| (ബി) | കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ